ബാധ്യത പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് തുടർന്നും വഹിച്ചു പോരുന്നുണ്ട്.

മണ്ണെണ്ണ പെർമിറ്റ്

114 (771) ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷത്തിനിടയിൽ എത്രപേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്;

(ബി) ഇതിന് സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(സി) മണ്ണെണ്ണ പെർമിറ്റ് നൽകുന്നതിൽ കേന്ദ്ര സർക്കാർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 10,00,205 പേർക്ക് പെർമിറ്റുകൾ നൽകിയിട്ടുണ്ട്.

(ബി) ഒരു സിലിണ്ടർ എൽ.പി.ഗ്യാസ് കണക്ഷൻ ഉള്ള കാർഡുടമകൾക്ക് 3 ലിറ്റർ വീതവും എൽ.പി.ഗ്യാസ് കണക്ഷൻ ഇല്ലാത്ത കാർഡുടമകൾക്ക് 6 ലിറ്റർ വീതവും മണ്ണെണ്ണ പ്രതിമാസം നൽകുന്നതാണ്. എല്ലാ താലൂക്ക് തലങ്ങളിലും ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് അപേക്ഷകരുടെ മുൻഗണനാക്രമം നറുക്കിട്ടെടുത്താണ് പെർമിറ്റ് വിതരണം നടത്തിയത്. അപേക്ഷകരിൽ 50% ജനറൽ കാറ്റഗറിയായും 50% സ്പെഷ്യൽ കാറ്റഗറിയായും തിരിച്ചാണ് പെർമിറ്റുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

(സി)&(ഡി) ഉണ്ട്. അതനുസരിച്ച് 1.3.2000 മുതൽ രണ്ടു സിലിണ്ടർ പാചക കണക്ഷൻ ഉള്ള ഉപഭോക്താക്കൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

റേഷൻ വ്യാപാരികളുടെ നിവേദനം

115 (772) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ റേഷനരിയും ഗോതമ്പും കെട്ടിക്കിടക്കുന്നതു സംബന്ധിച്ച് റേഷൻ വ്യാപാരികളുടെ സംഘടന സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ നിവേദനത്തിലെ ആവശ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥിതിവിശേഷം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇതു പരിഹരിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ; ഇതേപ്പറ്റി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly